# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 548 — 19.03.2013-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

## 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം

| | | |
|---|---|---|
| (എ) | 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ആ വർഷം നടപ്പിലാക്കാൻ സാധിക്കാതിരുന്നവ ഏതൊക്കെയായിരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ; | 2011-12, 2012-13 ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിലേക്കായി പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. ഭൂമി ലഭ്യമാകാത്തതുപോലുള്ള ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

2011-12

| | |
|---|---|
| 1 | വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന കൃഷി നാശം ലഘൂകരിക്കുന്നതിന് സൗരോർജ്ജവേലി, ട്രെഞ്ച് എന്നിവയുടെ നിർമ്മാണം |
| 2 | പമ്പാനദിയിലെ ആറൻമുള, നിരേറ്റുപുറം ജലമേളകൾക്കുളള ധനസഹായം |
| 3 | കോഴിക്കോട് മാനാഞ്ചിറയിൽ സാമൂതിരി ടവറിൻെറയും കുഞ്ഞാലി മരയ്ക്കാർ ഗാർഡൻെറയും വികസനം |
| 4 | കണ്ണൂർ കോട്ടയിലെ ലൈറ്റ് ആൻറ് സൗണ്ട് പരിപാടി |
| 5 | ചെറുവത്തൂരിലെ വീരമല കുന്നിനെ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്ന പദ്ധതി |
| 6 | ഭൂതത്താൻകെട്ടിൻെറ വികസനം |
| 7 | ചകിരിയുടെ സബ്സിഡി വർദ്ധിപ്പിക്കൽ |
| 8 | കുട്ടനാട്ടിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ നിർമ്മാണം |
| 9 | കാസർഗോഡ് ജില്ലയിൽ അടയ്ക്കാ കർഷകർക്കായുളള സ്പെഷ്യൽ പാക്കേജ് |
| 10 | കാസർഗോഡ് ജില്ലയിൽ കശുവണ്ടി അടയ്ക്കാ പ്രോസസിംഗിനുളള യൂണിറ്റുകൾ സ്ഥാപിക്കൽ |
| 11 | മാള സഹകരണ സ്പിന്നിംഗ് മില്ലിൻെറ പ്രവർത്തനം ആരംഭിക്കുക |
| 12 | കോട്ടയം ഇൻറഗ്രേറ്റഡ് പവ്വർ ലൂം സൊസൈറ്റിയുടെ ആധുനികവത്കരണം |
| 13 | നിർമ്മാണ മേഖലയിൽ സേഫ്റ്റി ആഡിറ്റ് സിസ്റ്റം നടപ്പാക്കൽ |
| 14 | അന്യ സംസ്ഥാന തൊഴിലാളികൾക്ക് ലേബർ ക്യാമ്പ് |
| 15 | ആലപ്പുഴ-കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണം |
| 16 | സബ് രജിസ്ട്രാർ ആഫീസുകളെ വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് തൽസമയം പോക്ക് വരവ് രേഖപ്പെടുത്തുന്നതിനുളള പദ്ധതി. |

**2012-13**

| | |
|---|---|
| 1 | തീർത്ഥാടന – ടൂറിസം സർക്യൂട്ട് പ്രോജക്ട്, തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കുന്ന പദ്ധതി |
| 2 | ഹരിപ്പാട് പിൽഗ്രീം മെഗാ ടൂറിസം പ്രോജക്ട്, വിനോദ സഞ്ചാരികൾക്കുള്ള ഹോപ് ഓൺ ഹോപ് ഓഫ് പദ്ധതി |
| 3 | സാങ്കേതിക സർവ്വകലാശാല, പാലക്കാട് ഒരു ഐ.ഐ.റ്റി. അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം കുമരകത്ത് സ്ഥാപിക്കൽ |
| 4 | പൈനാപ്പിൾ മിഷൻ പദ്ധതി |
| 5 | വന്യമൃഗംമൂലമുണ്ടാകുന്ന കൃഷിനാശം തടയുന്നതിന് സോളാർ ഫെൻസിങ്ങ് ട്രെഞ്ച് നിർമ്മാണം തുങ്ങിയ പദ്ധതി |
| 6 | റഡാർ സർവയലൻസ് സംവിധാനം |
| 7 | എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം |
| 8 | ആലപ്പുഴ-കൊല്ലം ബൈപ്പാസ് നിർമ്മാണം |
| 9 | മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ |